**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 355** **23-01-2025 - ൽ മറുപടിയ്ക്ക്**

**ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളും അവർക്കുള്ള പരിരക്ഷയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മാലിന്യനിർമ്മാർജ്ജനത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സംസ്ഥാനത്താകെയുള്ള ഹരിതകർമ്മസേനാംഗങ്ങളുടെ അംഗസംഖ്യയും അതിലെ അംഗങ്ങളുടെ വരുമാനം സംബന്ധിച്ചുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) | ഹരിതകർമ്മസേനാംഗങ്ങളുടെ **അംഗസംഖ്യ 37,363 ആണ്.**<br><br>**ഹരിതകർമ്മസേനാംഗങ്ങളുടെ പ്രധാന വരുമാന മാർഗ്ഗം ചുവടെ ചേർക്കുന്നു.**<br><br>1)യൂസർഫീസ്(സേവന പ്രതിഫല തുക )<br><br>2)തരംതിരിച്ച പ്ലാസ്റ്റിക് മാലിന്യ വിപണനം<br><br>3)ഇനോക്കുലം നിർമ്മാണം -വിതരണം, ബദൽ ഉൽപ്പന്നങ്ങളുടെ നിർമ്മാണം - വിപണനം, ജൈവ കൃഷി, കമ്പോസ്റ്റ് വിപണനം<br><br>ഇപ്രകാരം ഓരോ അംഗത്തിനും ശരാശരി 5,000/- രൂപ മുതൽ 25,000/- രൂപ വരെ പ്രതിമാസ വരുമാനം ലഭിക്കുന്നുണ്ട്. യുസർഫീ ലഭ്യതയനുസരിച്ച് വരുമാനത്തിൽ വ്യത്യാസം ഉണ്ടാകുന്നുണ്ട്.<br><br>പ്രതിമാസ 10,000/- രൂപയിൽ കൂടുതൽ വരുമാനം ലഭിക്കുന്ന 15697 ഹരിതകർമ്മസേനാംഗങ്ങൾ ഉണ്ട്. ചുരുക്കം അംഗങ്ങൾക്ക് പ്രതിമാസം 50000 രൂപയ്ക്ക് മുകളിൽ വരുമാനം ലഭിക്കുന്നുണ്ട്. ഗ്രാമീണ സ്വഭാവമുള്ള ഏതാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 2150 സേനാംഗങ്ങൾക്ക് 5,000/- രൂപയിൽ താഴെ മാത്രമേ പ്രതിമാസ വരുമാനം ലഭിക്കുന്നുള്ളൂ. ടി സ്ഥാപനങ്ങളിൽ അനുബന്ധ സൗകര്യങ്ങൾ ഉണ്ടാക്കി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി കുടുംബശ്രീ സ്വീകരിച്ച് വരുന്നു. മേൽ നടപടികൾക്ക് ശേഷവും ഹരിതകർമ്മസേനയുടെ പ്രതിമാസ വരുമാനം |

| | | | |
|---|---|---|---|
| | | | 10,000/- രൂപയിലേയ്ക്ക് എത്തുന്നില്ലായെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വികസന ഫണ്ട്/തനത് ഫണ്ടിൽ നിന്നും വയബിലിറ്റി ഗ്യാപ് ഫണ്ട്, ഹരിതകർമ്മസേന കൺസോർഷ്യത്തിലേയ്ക്ക് നൽകുന്നതിനുള്ള നിർദ്ദേശം ഉണ്ട്. |
| (സി) | ഹരിതകർമ്മസേനാംഗങ്ങളുടെ ആരോഗ്യപരിരക്ഷ ഉറപ്പു വരുത്തുന്നതിനായി പ്രത്യേക പദ്ധതി രൂപീകരിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനായി പ്രത്യേക പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഹരിതകർമ്മ സേന അംഗങ്ങൾക്ക് സൗജന്യ മെഡിക്കൽ പരിശോധനകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നൽകി വരുന്നു. കൂടാതെ കുടുംബശ്രീയും യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയും ചേർന്ന് ഹരിതകർമ്മ സേനാംഗങ്ങൾക്ക് "ഇൻസ്പയർ" എന്ന പേരിൽ 2 ലക്ഷം രൂപയുടെ ആരോഗ്യ ഇൻഷ്വറൻസ് നടപ്പിലാക്കിയിട്ടുണ്ട്. 1384 രൂപ വരുന്ന ടി പദ്ധതിയുടെ വാർഷിക പ്രീമിയത്തിന്റെ 50% കുടുംബശ്രീ സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നും ശേഷിക്കുന്ന 50% ഗുണഭോക്താവും വഹിച്ചു വരുന്നു. ടി തുക ഹരിതകർമ്മ സേന കൺസോർഷ്യം ഫണ്ടിൽ നിന്നും ഒടുക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ